<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം.</u>

<u>നക്ഷത്ര ചിഹ്നമിട്ട</u>

<u>ചോദ്യം : *44</u> <u>6-2-2013-ൽ മറുപടിക്ക്</u>

**<u>വൈദ്യുതി നിരക്ക് വർദ്ധന</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. വി. വിജയദാസ്<br>,, എ. എം. ആരിഫ് | **ശ്രീ. ആര്യാടൻ മുഹമ്മദ്.**<br>**(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഏപ്രിൽ ഒന്നു മുതൽ വൈദ്യുതി നിരക്ക് വീണ്ടും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) **സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടില്ല.** |
| (ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ റഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ടോ | (ബി) .വൈദ്യുതി ആക്ട് 2003 പ്രകാരം ഓരോ വർഷത്തെയും വൈദ്യുതി ബോ ർഡിന്റെ വരവുചെലവു കണക്കുകൾ നവംബർ മാസത്തിനുമുൻപ് റെഗുലേറ്ററി കമ്മീഷന് മുൻപാകെ സമർപ്പിക്കുകയും വരുമാനക്കമ്മിയുണ്ടെങ്കിൽ ആയത് നികത്താനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത് സമർപ്പിക്കാത്ത പക്ഷം റെഗുലേറ്ററി കമ്മീഷന് സ്വമേധയാതാരീഫ് നിർണ്ണയം നടത്താൻ അധികാരമുണ്ടെന്ന് കേന്ദ്ര താരീഫ് പോളിസിയിലും കേന്ദ്ര അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്.ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷത്തിൽ,1573.54 കോടിരൂപ താരീഫ് വർദ്ധനവിലൂടെ കണ്ടെത്തുന്നതിനുള്ള താരീഫ് പരിഷ്ക്കരണ നിർദ്ദേശങ്ങൾ,സംസ്ഥാന വൈദ്യുതി ബോർഡ് 02.01.2013 ൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വ്യവസായ വൈദ്യുതി താരിഫിൽ, എത്രശതമാനം വർദ്ധന വരുത്താനാണ് ഉദ്ദേശിക്കുന്നത് | (സി) | സംസ്ഥാനത്ത്, എൽ.ടി,എച്ച്.ടി, ഇ.എച്ച്.ടി വിഭാഗം വ്യാവസായിക ഉപഭോക്താക്കൾക്ക് നിരക്ക് വർദ്ധനവ് ഏർപ്പെടുത്തുന്നതിന്ബോർഡ് കമ്മീഷനു മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഇത് വ്യവസായ മേഖലയെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ? | (ഡി) | വ്യവസായങ്ങൾക്ക് 17 മുതൽ 19 ശതമാനം വരെ താരിഫ് വർദ്ധനവിനുള്ള നിർദ്ദേശങ്ങളാണ് ബോർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. |
| (ഇ) | വൈദ്യുതി നിരക്ക് വർദ്ധന തടയുന്നതിന് സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ | (ഇ) | ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 65 പ്രകാരം സംസ്ഥാനത്തെ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിച്ചതിനു ശേഷം കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾക്ക് നൽകാൻ ഗവൺമെന്റുകൾക്ക് അധികാരമുണ്ട്. എന്നാൽ ടി നിർദ്ദേശം വഴി വൈദ്യുതി വിതരണ ലൈസൻസികൾക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം മുൻകൂറായി നൽകണമെന്നും സെക്ഷൻ 65 അനുശാസിക്കുന്നു. ടി വ്യവസ്ഥകളനുസരിച്ച് കേരള താരിഫ് പരിഷ്ക്കരണ നിർദ്ദേശങ്ങൾ അംഗീകരിച്ചതിനു ശേഷം മാത്രമേ. സംസ്ഥാന ഗവൺമെന്റിന്, കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് വൈദ്യുതി ബോർഡിന് നിർദ്ദേശങ്ങൾ നൽകുന്നതിനും ബോർഡിനുണ്ടാകുന്ന വരുമാന കമ്മി നികത്തുന്നതിനും സാധിക്കുകയുള്ളൂ. |

K

സെക്ഷൻ ഓഫീസർ

അനുബന്ധം.

സംസ്ഥാനത്ത്, എൽ.ടി.എച്ച്.ടി,, ഇ.എച്ച്.ടി, വിഭാഗം വ്യാവസായിക ഉപഭോക്താക്കൾക്ക് നിരക്ക് വർദ്ധനവ് ഏർപ്പെടുത്തുന്നതിന് ബോ ർഡ് കമ്മീഷനു മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ

| വിഭാഗം | നിലവിലുള്ള താരിഫ് | | കെ.എസ്.ഇ.ബി. ശുപാർശ ചെയ്തിട്ടുള്ള നിരക്കുകൾ | |
|---|---|---|---|---|
| | ഡിമാന്റ് ചാർജ്ജ് (രൂപ/ കെ.വി. എ/മാസം) | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | ഡിമാന്റ് ചാർജ്ജ് (രൂപ/ കെ.വി. എ/മാസം) | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) |
| എൽ.ടി. | 60 | 4.25 | 70 | 5.00 |
| എച്ച്.ടി. | 300 | 4.10 | 360 | 4.85 |
| ഇ.എച്ച്.ടി. 66 കെ.വി. | 300 | 4.00 | 360 | 4.75 |
| 110 കെ.വി. | 290 | 4.00 | 350 | 4.75 |

സെക്ഷൻ ഓഫീസർ